**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 277** **11.06.2012-ൽ മറുപടിക്ക്.**

## ജനമൈത്രി പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകളാണ് ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കി മാറ്റിയിട്ടുള്ളത്; | : (എ) സംസ്ഥാനത്തെ 148 പോലീസ് സ്റ്റേഷനുകളാണ് ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കി മാറ്റിയിട്ടുള്ളത്. |
| (ബി) ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ വരുത്തിയിട്ടുള്ള ഭരണ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; | : (ബി) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ നിർവ്വഹണത്തിനായി പോലീസ് ആസ്ഥാനത്തു നിന്നും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായിട്ടുള്ള ഭരണപരിഷ്കാരങ്ങൾ ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പോലീസ് സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുന്ന തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | : (സി) പന്ത്രണ്ടാം പദ്ധതിയുടെ ആദ്യ വർഷമായ 2012-13-ൽ പ്രസ്തുത പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ തുടർ സാമ്പത്തിക സഹായം നൽകുന്നതാണ്. ഇതുപയോഗിച്ച് ഒരു കമ്മ്യൂണിറ്റി പോലീസ് ന്യൂസ് ലെറ്റർ മാസംതോറും പ്രസിദ്ധീകരിച്ച് പ്രസ്തുത പദ്ധതിയുടെ മേന്മകൾ |

(മറുപുറം)

പൊതുജനങ്ങളുടെ ഇടയിൽ എത്തിക്കുന്നതാണ്. എല്ലാ പോലീസ് സ്റ്റേഷനുകളിലെയും പോലീസുദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം ഘട്ടംഘട്ടമായി നൽകുന്നതാണ്. കൂടുതൽ ടൂവീലറുകൾ വാങ്ങി ബീറ്റ് സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. ജനമൈത്രി സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയ സ്ഥലങ്ങളിൽ കുറ്റകൃത്യം കുറയുന്നുണ്ടോ എന്നതിനെ സംബന്ധിച്ച് സ്വകാര്യ ഏജൻസികളെക്കൊണ്ട് ഇംപാക്ട് സ്റ്റഡി നടത്തുന്നതാണ്. കൂടാതെ കേരളത്തിലെ 76 കടലോര ജാഗ്രതാ സമിതികളുടെ വിവിധ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ

4

അനുബന്ധം

സി3/62202/08
പോലീസ് ആസ്ഥാനം,
തിരുവനന്തപുരം-10
തീയതി: 21.08.2009

# സർക്കുലർ നം. 35/09

വിഷയം: ജനമൈത്രി സുരക്ഷാ പദ്ധതി - ഭരണ നിർവ്വഹണത്തിനായി തയ്യാറാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന: പി.എച്ച്.ക്യു. സർക്കുലർ നം. 34/09 തീയതി 20.08.2009

കേരളാ പോലീസ് നടപ്പിലാക്കി വരുന്ന ജനമൈത്രി സുരക്ഷാ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥരും അവരുടെ മേലുദ്യോഗസ്ഥരും പാലിക്കുന്നതിനായി താഴെ പറയുന്ന ഭരണപരമായ നിർദ്ദേശങ്ങൾ നൽകുന്നു.

1. ഉദ്ദേശം 1000 വീടുകൾ അടങ്ങിയ ഒരു പ്രദേശം ഒരു യൂണിറ്റായി കണക്കാക്കി പോലീസ് സ്റ്റേഷൻ പരിധിയെ വിവിധ ജനമൈത്രി ബീറ്റുകളായി തിരിക്കേണ്ടതാണ്. കഴിവതും ഒരു ബീറ്റ് ഏരിയ മൂന്നു മുതൽ അഞ്ചു വരെ ചതുരശ്ര കിലോമീറ്ററിൽ പരിമിതപ്പെടുത്തിയ ഭൂപ്രദേശമായിരിക്കണം.
2. കമ്മ്യൂണിറ്റി ലെയ്സൺ ഓഫീസറായി സ്റ്റേഷനിൽ ഒരു അഡീഷണൽ എസ്.ഐ/ എ.എസ്.ഐ യെ നിയോഗിക്കേണ്ടതാണ്. ഓരോ ജനമൈത്രി ബീറ്റിൻെറയും ചുമതല ഒരു പോലീസുകാരനോ എച്ച്.സി/എ.എസ്.ഐ. യ്ക്കോ നൽകാവുന്നതാണ്. ബീറ്റ് ഓഫീസറെ സഹായിക്കാൻ ഒരു വനിതാ പോലീസ് കോൺസ്റ്റബിളിനെ (അസി. ബീറ്റ് ഓഫീസർ) നിയമിക്കേണ്ടതാണ്.
3. ബീറ്റ് ഓഫീസർമാരായി നിയോഗിക്കുന്ന ഉദ്യോഗസ്ഥർ, കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർ, സ്റ്റേഷനിലെ എസ്.എച്ച്.ഒ, സർക്കിൾ ഇൻസ്പെക്ടർ, ഡി.വൈ.എസ്.പി എന്നിവർ ജനമൈത്രി പദ്ധതിയുടെ പരിശീലനം നേടിയവരായിരിക്കണം.
4. ബീറ്റ് ഡ്യൂട്ടിക്കായി ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുമ്പോൾ തികച്ചും സൽസ്വഭാവമുള്ളവരും ടി പദ്ധതിയോട് സ്വമനസ്സാൽ താൽപര്യമുള്ളവരും ജനങ്ങളോട് മാന്യമായി ഇടപഴകാൻ കഴിയുന്നവരുമാകാൻ മേലുദ്യോഗസ്ഥന്മാർ പ്രത്യേകം ശ്രദ്ധിക്കണം.
5. ബീറ്റ് ഓഫീസർമാരിൽ ഏതെങ്കിലും ആശാസ്യമല്ലാത്ത പ്രവണത കണ്ടാൽ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യം റിപ്പോർട്ട് ചെയ്യുന്നതിൽ അലംഭാവം കാണിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്ന എസ്.എച്ച്.ഒ മാർക്കെതിരെ ജില്ലാ പോലീസ് സൂപ്രണ്ട് നടപടി കൈക്കൊള്ളേണ്ടതാണ്.
6. ബീറ്റ് ഓഫീസർമാർ വഴി ബീറ്റ് ഏരിയായിലെ സമൻസ്, മേൽ വിലാസ പരിശോധന, പരാതിപ്പെട്ടി കൈകാര്യം ചെയ്യൽ, നൈറ്റ് പട്രോൾ തുടങ്ങി സ്റ്റേഷൻ ജോലികളും നിർവ്വഹിക്കാവുന്നതാണ്. കൂടാതെ ആഴ്ചയിൽ മൂന്നു ദിവസം ബീറ്റ് ജോലിയ്ക്ക് അയയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കിയ ശേഷം മറ്റു ജോലികളും ബീറ്റ് ഓഫീസർമാരെ ആവശ്യാനുസരണം ഏൽപ്പിക്കാവുന്നതാണ്.
7. ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുള്ള പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ, സർക്കിൾ ഇൻസ്പെക്ടർ എന്നിവർ പദ്ധതി നടത്തിപ്പിൽ അലംഭാവം കാണിക്കുകയോ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വിഘാതമുണ്ടാക്കുന്ന രീതിയിൽ പ്രവർത്തിക്കുകയോ ചെയ്താൽ ഇക്കാര്യം അതത് ഡി.വൈ.എസ്.പി മാർ/ജില്ലാ പോലീസ് സൂപ്രണ്ടുമാർ/കമ്മീഷണർമാർ ഉടൻ തന്നെ ഡി.ജി.പി ഉൾപ്പെടെയുള്ള മേലുദ്യോഗസ്ഥന്മാരെ യഥാസമയം അറിയിക്കേണ്ടതും മറ്റു മേൽ നടപടികൾ കൈക്കോള്ളേണ്ടതുമാണ്.

8. ജനമൈത്രി സുരക്ഷാ സമിതി അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വേണ്ടി ജില്ലാ പോലീസ് സൂപ്രണ്ട് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കണം.

9. നന്നായി പ്രവർത്തിക്കുന്ന ബീറ്റ് ഓഫീസർമാർക്കും ജനമൈത്രി സുരക്ഷാ സമിതി അംഗങ്ങൾക്കും റിവാർഡ് നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ജില്ലാ പോലീസ് സൂപ്രണ്ടുമാർ/കമ്മീഷണർമാർ, റേഞ്ച് ഐ.ജിമാർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം.

10. ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പാക്കുന്ന പോലീസ് സ്റ്റേഷനിൽ ഒഴിവു വരുമ്പോൾ ആ ഒഴിവ് എത്രയും പെട്ടെന്ന് നികത്തുകയും ആവശ്യത്തിന് പോലീസുകാരെ അധികമായി അനുവദിക്കുകയും വേണം. ഇക്കാര്യത്തിൽ ജില്ലാ പോലീസ് സൂപ്രണ്ടുമാർ/കമ്മീഷണർമാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കണം.

11. പദ്ധതി നടപ്പാക്കുന്ന പോലീസ് സ്റ്റേഷനിലെ മറ്റെല്ലാ പോലീസുകാർക്കും ജനമൈത്രി സുരക്ഷാ പദ്ധതിയെക്കുറിച്ചുള്ള ട്രെയിനിംഗ് നൽകേണ്ടതുണ്ട്. ഇക്കാര്യത്തിൽ ജില്ലാ പോലീസ് സൂപ്രണ്ട് നടപടി എടുക്കണം.

12. ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കുന്ന എല്ലാ പോലീസ് സ്റ്റേഷനുകളിലും പദ്ധതി നടത്തിപ്പിനായി ഒരു ജനമൈത്രി സുരക്ഷാ സമിതി രൂപവത്കരിക്കേണ്ടതുണ്ട്. ടി പദ്ധതി അതത് പോലീസ് സ്റ്റേഷൻ പരിധിയിൽ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം പ്രസ്തുത സമിതിയ്ക്കായിരിക്കും. സമിതി രണ്ടു വർഷത്തിലൊരിക്കൽ പുനസംഘടിപ്പിക്കേണ്ടതാണ്. സമിതിയുടെ കൺവീനർ ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടറും സെക്രട്ടറി എസ്.എച്ച്.ഒ യും ആയിരിക്കും. കൂടാതെ കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസറായി ഒരു എസ്.ഐ/എ.എസ്.ഐ പ്രവർത്തിക്കേണ്ടതാണ്. സമിതി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്. സമിതിക്ക് യാതൊരു സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളും ഉണ്ടായിരിക്കുന്നതല്ല. ഏതെങ്കിലും സമിതി അംഗം ഹീനമായ കുറ്റകൃത്യത്തിലോ മോശമായ പ്രവർത്തിയിലോ ഏർപ്പെട്ടാൽ അത് ഉടൻ തന്നെ എസ്.എച്ച്.ഒ മാർ, ജില്ലാ പോലീസ് സൂപ്രണ്ട്/കമ്മീഷണറെ അറിയിക്കേണ്ടതും, ജില്ലാ പോലീസ് സൂപ്രണ്ട്/കമ്മീഷണർമാർ അത്തരം അംഗത്തെ ഉടൻ തന്നെ സമിതിയിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

13. പദ്ധതി നടപ്പാക്കുന്ന പോലീസ് സ്റ്റേഷൻ പരിധിയിലും അതിന്റെ സമീപ പ്രദേശങ്ങളിലും കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ഒരിടത്ത് പദ്ധതി നടപ്പാക്കിയതു കൊണ്ട് അയൽ പ്രദേശങ്ങളിൽ കുറ്റകൃത്യങ്ങൾ കൂടി എന്ന പരാതി ഒഴിവാക്കാൻ ജില്ലാ പോലീസ് സൂപ്രണ്ട് പ്രത്യേക ശ്രദ്ധ പതിപ്പിക്കണം.

14. ബീറ്റ് ഓഫീസർമാർ, അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർ, കമ്മ്യൂണിറ്റി ലയ്സൺ ഓഫീസർ, സ്റ്റേഷനിലെ എസ്.എച്ച്.ഒ എന്നിവരെ സ്വഭാവദൂഷ്യം ഒഴിച്ചുള്ള കാരണത്താലും, ബീറ്റ് ഓഫീസർ അത്യാവശ്യമായി ട്രാൻസ്ഫർ ആവശ്യപ്പെട്ടാലുമല്ലാതെ ചുരുങ്ങിയത് രണ്ടു വർഷമെങ്കിലും പൂർത്തിയാക്കാതെ സ്ഥലം മാറ്റാൻ പാടുള്ളതല്ല. അങ്ങനെ വേണ്ടിവന്നാൽ ഡി.ജി.പി യുടെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

15. ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്ന സ്റ്റേഷനുകളിലെ പ്രവർത്തനം ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടർമാർ, ഡി വൈ. എസ്. പി മാർ എന്നിവർ സസൂക്ഷ്മം നിരീക്ഷിക്കേണ്ടതും കഴിവതും ജനമൈത്രി സുരക്ഷാ സമിതി യോഗങ്ങളിൽ പങ്കെടുക്കേണ്ടതുമാണ്.

16. അതത് മാസത്തെ പ്രവർത്തനം വിലയിരുത്തി പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി അടുത്ത മാസം 10-ാം തീയതിക്കകം നോഡൽ ഓഫീസർക്ക് ലഭിക്കത്തക്ക വിധം അയയ്ക്കേണ്ടതാണ്. ഈ റിപ്പോർട്ട് ജില്ലാ പോലീസ് സൂപ്രണ്ടിന്റെ പ്രത്യേക അഭിപ്രായ കുറിപ്പോടുകൂടി തന്നെ അയയ്ക്കേണ്ടതാണ്. ആഴ്ചയിൽ മൂന്നു ബീറ്റ് വീതം

അയയ്ക്കുവാൻ സാധിച്ചില്ലെങ്കിൽ അതിന്റെ കാരണം പ്രവർത്തന റിപ്പോർട്ടിൽ പ്രത്യേകം രേഖപ്പെടുത്തണം. അത്തരം സാഹചര്യം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടത് ജില്ലാ പോലീസ് സൂപ്രണ്ടിന്റെ ചുമതലയാണ്.

17. ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കുവാനും പദ്ധതിയുടെ ബോധവത്കരണ പ്രവർത്തനങ്ങൾക്കും മറ്റുമായി പ്ലാൻ ഫണ്ടിൽ നിന്നും മറ്റു ഗവൺമെന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുക ഉദ്ദേശലക്ഷ്യങ്ങൾക്കനുസൃതമായി കൃത്യമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ജില്ലാ പോലീസ് സൂപ്രണ്ടിന്റെ ചുമതലയാണ്. ഇത്തരം പണമുപയോഗിച്ചു നടത്തുന്ന പ്രവർത്തനം കൃത്യമായി വിലയിരുത്തി ചെലവഴിച്ച തുകയുടേയും അതിലൂടെ നടത്തിയ പ്രവർത്തനങ്ങളുടേയും വിശദാംശങ്ങൾ മാസം തോറും അയയ്ക്കുന്ന അവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തണം.

18. ബീറ്റ് ഡ്യൂട്ടിക്കായി മാത്രം പ്രത്യേകം അനുവദിച്ചിട്ടുള്ള മോട്ടോർ സൈക്കിൾ ബീറ്റ് ഉദ്യോഗസ്ഥർക്ക് നിത്യവും ഉപയോഗിക്കത്തക്ക രീതിയിൽ പരിപാലിച്ച് ആവശ്യത്തിനുള്ള ഇന്ധനം ലഭ്യമാക്കാനുമുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

19. സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലേയ്ക്കുള്ള ഉദ്യോഗസ്ഥർ സ്റ്റേഷൻ സന്ദർശിക്കുമ്പോഴും ഇൻസ്പെക്ഷൻ നടത്തുമ്പോഴും ബീറ്റ് രജിസ്റ്റർ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകണം.

20. **ജില്ലാ ഉപദേശക സമിതി :-** ജില്ലാ തലത്തിൽ എസ്.പി യുടെ നേതൃത്വത്തിൽ ഒരു ജില്ലാ ഉപദേശക സമിതി ജനമൈത്രി പദ്ധതിയുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി രൂപീകരിക്കേണ്ടതുണ്ട്. പോലീസ് സ്റ്റേഷൻ പരിധി ഉൾപ്പെടുന്ന സ്ഥലത്തെ എം.പി, എം.എൽ.എ, മുനിസിപ്പൽ ചെയർമാൻ, മേയർ എന്നിവരേയും എസ്.പി നാമ നിർദ്ദേശം ചെയ്യുന്ന മറ്റു പ്രമുഖ വ്യക്തികളേയും ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി രൂപീകരിക്കാം. കമ്മിറ്റിയിൽ പത്തു മുതൽ ഇരുപതു വരെ അംഗങ്ങളാകാം. പ്രസ്തുത സമിതി മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരുകയും പോലീസ് സ്റ്റേഷൻ സമിതികളുടെ പ്രവർത്തനം അവലോകനം ചെയ്യുകയും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ട ഉപദേശ നിർദ്ദേശങ്ങൾ എഴുതിയുണ്ടാക്കി അയച്ചു കൊടുക്കുകയും വേണം.

ടി മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായും പാലിക്കുന്നുണ്ടെന്ന് അതത് ജില്ലാ പോലീസ് സൂപ്രണ്ടുമാർ/കമ്മീഷണർമാർ ഉറപ്പുവരുത്തേണ്ടതാണ്. കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരാനും നിയമ സമാധാനം ഉറപ്പാക്കുന്നതിനും പോലീസിനു സഹായകമായ പദ്ധതി ആയതിനാൽ കുറ്റകൃത്യങ്ങൾ/ക്രമസമാധാന പ്രശ്നം ഉള്ളതിനാൽ പദ്ധതി നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ട് എന്നു പറയുന്നത് തികച്ചും വസ്തുതാ വിരുദ്ധമായിരിക്കും. പദ്ധതി എന്താണ് എന്നു കൃത്യമായി വായിച്ചു മനസിലാക്കിയ ശേഷം അതിന്റെ പ്രവർത്തനം വിജയിപ്പിക്കുവാനായി ശ്രദ്ധിക്കേണ്ടത് ജില്ലാ പോലീസ് സൂപ്രണ്ട്/കമ്മീഷണർമാർ, റേഞ്ച് ഐ.ജിമാർ, സോണൽ എ.ഡി.ജി.പിമാർ എന്നിവരുടെ ചുമതലയാണ്.

ഡയറക്ടർ ജനറൽ ഓഫ് പോലീസ്